മലയാള മനോരമ
01 February 2024

# ആഴക്കടലിന്റെ വിസ്മയക്കാഴ്ച

കൊച്ചി ● സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി നാളെ സിഎംഎഫ്ആർഐയിൽ ഓപ്പൺ ഹൗസ് പ്രദർശനം നടത്തും. വിവിധ ഗവേഷണ വിഭാഗങ്ങൾ ഒരുക്കുന്ന പ്രദർശനവും കടൽ ജൈവ വൈവിധ്യങ്ങളുടെ അപൂർവ ശേഖരമുള്ള മ്യൂസിയവും മറൈൻ അക്വേറിയവും സന്ദർശിക്കാം. തിമിംഗല സ്രാവ്, കടൽ മുയൽ, പറക്കും കൂന്തൽ, കടൽ വെള്ളരി, പലതരം കടൽ സസ്യങ്ങൾ, കടൽപാമ്പുകൾ, വിഷമത്സ്യങ്ങൾ തുടങ്ങി മൂവായിരത്തോളം സമുദ്ര ജൈവ വൈവിധ്യങ്ങളുടെ ശേഖരമടങ്ങുന്നതാണ് സിഎംഎഫ്ആർഐയിലെ നാഷനൽ മറൈൻ ബയോഡൈവേഴ്സിറ്റി മ്യൂസിയം.

രാവിലെ 10 മുതൽ 4 വരെയാണു സമയം. പ്രവേശനം സൗജന്യമാണ്.